ഡ്രൈവർമാർ മദ്യപിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കാൻ സംവിധാനം

46 [2698] ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ:
,, കെ. എ. ചന്ദ്രൻ:
,, ടി. എൻ. പ്രതാപൻ:
,, ജോർജ് ജെ. മാത്യു:
,, എൻ. ഡി. അപ്പച്ചൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹെവി ഡ്യൂട്ടി വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാരുടെ അശ്രദ്ധമൂലം റോഡപകടങ്ങളുണ്ടാകാറുണ്ടോ;

(ബി) ഇത്തരം വാഹനങ്ങളോടിക്കുന്ന ഡ്രൈവർമാർ മദ്യപിച്ചിട്ടുണ്ടോ എന്ന് പരിശോധന നടത്തുവാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്;

(സി) നാഷണൽ ഹൈവേയിലും പ്രധാനപ്പെട്ട സ്റ്റേറ്റ് ജില്ലാ ഹൈവേയിലും വാഹനമോടിക്കുന്ന ഡ്രൈവർമാർ മദ്യപിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തുമോ?

ഉത്തരം

(എ) ഉണ്ടാകാറുണ്ട്.

(ബി) വാഹനങ്ങൾ ഓടിക്കുന്ന ഡ്രൈവർമാർ മദ്യപിച്ചിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ ബ്രീത്ത് അനലൈസർ എന്ന ഉപകരണം ഉപയോഗിക്കുന്നുണ്ട്. കൂടാതെ ഇത്തരം ഡ്രൈവർമാരെ മെഡിക്കൽ പരിശോധനയ്ക്ക് വിധേയമാക്കിയും മദ്യപിച്ചിട്ടുണ്ടോയെന്ന് സ്ഥിരീകരിക്കുന്നുണ്ട്.

(സി) ആവശ്യമായ സംവിധാനങ്ങൾ ഇപ്പോൾതന്നെ നിലവിലുണ്ട്.

പി. എസ്. സി. വഴി നിയമനം ലഭിച്ചവർക്ക് ശമ്പളവും മറ്റ് ആനുകൂല്യങ്ങളും നൽകാൻ നടപടി

47 [2699] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര ഡിപ്പാർട്ടുമെന്റുകളിൽ പി. എസ്. സി. വഴി ജോലി ലഭിച്ചവർക്ക് ശമ്പളവും മറ്റാനുകൂല്യങ്ങളും സർവ്വീസ് ചട്ടം അനുസരിച്ച് നൽകുമെന്ന പ്രഖ്യാപനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ കെ. എസ്. ആർ. ടി. സി.-യിൽ പി. എസ്. സി. വഴി നിയമനം ലഭിച്ചവർക്കും ഇത് ബാധകമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ ജീവനക്കാരെ പി.എസ്.സി. -യിൽനിന്നും നിയമിച്ചത് എം. പാനൽ വ്യവസ്ഥയിലാണ്. ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതി മുമ്പാകെ നിലവിലുള്ള കേസ് നമ്പർ ഒ. പി. 37877/01-ലെ ഇടക്കാല വിധി സി. എം. പി. നമ്പർ 62078/01 അനുസരിച്ചാണ് എം. പാനൽ ജീവനക്കാരെ നിയമിച്ചിട്ടുള്ളത്. ഈ കേസിൽ തീരുമാനമുണ്ടാകുന്നതുവരെ മേൽപ്പറഞ്ഞ സർക്കാർ തീരുമാനം കെ. എസ്. ആർ. ടി. സി.-യിൽ ബാധകമാക്കുവാൻ നിർവ്വാഹമില്ല.

കെ. എസ്. ആർ. ടി. സി.-യിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങൾ

48 [2700] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ. എസ്. ആർ. ടി. സി.-യിൽ ടെക്നിക്കൽ തസ്തികകളിലേക്ക് നേരിട്ട് നിയമനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ നേരിട്ട് നിയമനം നടത്തുവാനുദ്ദേശിക്കുന്ന തസ്തികകളുടെ പേരും അവയുടെ യോഗ്യതയും വെളിപ്പെടുത്തുമോ;

(സി) ഈ തസ്തികകളിലേയ്ക്ക് പ്രമോഷൻ സാദ്ധ്യത നിലവിലുണ്ടോ?

ഉത്തരം

(എ) 25% ഒഴിവുകളിൽ നേരിട്ട് നിയമനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(ബി) എ. റ്റി. ഒ., എ. ഒ., ഡി. ഇ.-എന്നീ തസ്കകളിലേയ്ക്കാണ് നേരിട്ട് നിയമനം നടത്തുവാൻ ഉദ്ദേശിക്കുന്നത്. എ. റ്റി. ഒ., എ. ഒ. തസ്തികകൾക്ക് എം. ബി. എ. ബിരുദവും ഡിപ്പോ എഞ്ചിനീയർക്ക് ഒട്ടോമൊബൈൽ എഞ്ചിനീയർക്ക് ഉൾപ്പെടെ ബി. ടെക്. ബിരുദവുമാണ് യോഗ്യതയായി നിശ്ചയിച്ചിട്ടുള്ളത്.

(സി) ഉണ്ട്.

ശ്രീ ചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജിന്റെ പ്രവർത്തനം

49 [2701] ശ്രീ. പി. നാരായണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ ചിത്തിര തിരുനാൾ എഞ്ചീനീയറിംഗ് കോളേജിന്റെ പ്രവർത്തനത്തിൻമേൽ എന്തു നിയന്ത്രണമാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly